പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2703 07/12/2018-ൽ മറുപടിയ്ക്ക്

## ബ്ലാവന കടവിൽ ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പാലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപാറ, തേര, മീൻകുളം, വാരിയം, മാപ്പിളപാറ, കഞ്ചിപ്പാറ തുടങ്ങിയ ആദിവാസി കോളനികളിലുള്ള 300 ഓളം കുടുംബങ്ങൾ നിലവിൽ പുറം ലോകവുമായി ബന്ധപ്പെടുന്നത് ബ്ലാവന കടത്തുവഴിയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | കനത്തമഴയും വെള്ളപ്പൊക്കവുമുണ്ടാകുന്ന സാഹചര്യത്തിൽ ദിവസങ്ങളോളം ഒറ്റപ്പെട്ട് കഴിയുന്ന ഇവരുടെ അവസ്ഥക്ക് പരിഹാരം കാണുന്നതിനായി ബ്ലാവന കടവിൽ പാലം പണിയുന്നത് സംബന്ധിച്ച വിഷയം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (ബി) യും (സി) യും | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിൽ ബ്ലാവന കടത്തിലെ പാലം നിർമ്മാണം പരിഗണിച്ചിരുന്നു. പൂർണ്ണമായും ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നത് സാധ്യമാകാത്തതിനാലും, ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ആയത് നടപ്പിലായിട്ടില്ല.<br>ബ്ലാവനപാലം, വാരിയം, തേര, കഞ്ചിപ്പാറ, തലവച്ചപ്പാറ കോളനികളിലെ ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനകരമാണെങ്കിലും കോളനിയ്ക്ക് പുറത്ത് നിർമ്മിക്കുന്ന പാലത്തിന് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കൾ ജനറൽ വിഭാഗത്തിൽ പെടുന്നവരായതിനാൽ ടി പദ്ധതി ട്രൈബൽ ഫണ്ടിൽ നിന്നും, ജനറൽ ഫണ്ടിൽ നിന്നും, ആനുപാതികമായി തുക വകയിരുത്തി നടപ്പിലാക്കുന്നതാണ് അനുയോജ്യം. |
| (സി) | ആയിരക്കണക്കിന് ആദിവാസികൾക്ക് പുറം ലോകവുമായി ബന്ധപ്പെടുന്നതിന് ഏറെ സഹായകരമാവും വിധം ബ്ലാവന കടവിൽ ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പാലം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ